# കടലുണ്ടി സർവ്വീസ് സഹകരണ ബേങ്ക്

**ലിമിറ്റഡ് നമ്പർ. എഫ്. 1500**


| **ഹെഡ് ഓഫീസ് : കടലുണ്ടി** | **ചാലിയം ബ്രാഞ്ച്** | **ഈവനിംഗ് ബ്രാഞ്ച് :** | **പഞ്ചായത്ത് ഓഫീസ്** |
|---|---|---|---|
| PH : 0495 - 2470233 | PH : 2470307 | PH : 2470493 | PH : 2473233 |

E-mail:- kadalundiscbltd@gmail.com, Web. www.kadalundibank.com


## പൊതുയോഗ നോട്ടീസ്

കടലുണ്ടി സർവ്വീസ് സഹകരണ ബേങ്കിലെ 'എ' ക്ലാസ് മെമ്പർമാരുടെ വാർഷിക പൊതുയോഗം **2024 സെപ്റ്റംബർ 29 ഞായറാഴ്ച കാലത്ത് 10 മണിക്ക് ബാങ്ക് ഓഡിറ്റോറിയത്തിൽ** വെച്ച് ചേരുന്നതാണ്. യോഗത്തിൽ മാന്യമെമ്പർമാർ കൃത്യസമയത്ത് പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. യോഗത്തിന് വരുമ്പോൾ അവരവരുടെ 'എ' ക്ലാസ് മെമ്പർ നമ്പറോ, ബാങ്കിന്റെ തിരിച്ചറിയൽ കാർഡോ ലോൺ പാസ്സ് ബുക്കോ കൊണ്ടുവരേണ്ടതാണ്.

ഭരണസമിതി കൽപ്പനപ്രകാരം
സെക്രട്ടറി (ഒപ്പ്)

കടലുണ്ടി
13-09-2024

**അജണ്ട:**

1. സ്വാഗതം
2. അനുശോചന പ്രമേയം
3. അധ്യക്ഷ പ്രസംഗം
4. കഴിഞ്ഞ പൊതുയോഗത്തിന്റെ മിനുട്ട്സ് വായിച്ച് റിക്കാർഡാക്കൽ
5. 2023-2024 വർഷത്തെ പ്രവർത്തന റിപ്പോർട്ട്
6. 2023-2024 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്
7. 2025-2026 വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് അംഗീകരിക്കൽ
8. 2023-2024 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും, ന്യൂനതസംഗ്രഹവും പരിഹാര നടപടി റിപ്പോർട്ടും
9. ലാഭ വിഭജനം
10. ചോദ്യങ്ങളും പ്രമേയങ്ങളും
11. പ്രസിഡണ്ട് അനുവദിക്കുന്ന മറ്റുകാര്യങ്ങൾ
12. നന്ദിപ്രകടനം

കുറിപ്പ് :- ചോദ്യങ്ങളും പ്രമേയങ്ങളും 27-09-2024ന് വെള്ളിയാഴ്ച പകൽ 2 മണിക്ക് മുമ്പായി ബേങ്ക് ഹെഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഭരണറിപ്പോർട്ട് ബേങ്കിന്റെ ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലും അസി. രജിസ്ട്രാർ (ജനറൽ) കോഴിക്കോട് ഓഫീസിലും പ്രസിദ്ധീകരിക്കുന്നതാണ്.

# പ്രവർത്തന റിപ്പോർട്ട് 2023–24

ബഹുമാന്യരായ സഹകാരികളെ,

കടലുണ്ടി സർവ്വീസ് സഹകരണ ബേങ്കിന്റെ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്ന മുഴുവൻ 'എ' ക്ലാസ് അംഗങ്ങളെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് - ചെലവ് കണക്ക്, സപ്ലിമെന്ററി ബഡ്ജറ്റ്, 2025-26 വർഷത്തെ കരട് ബഡ്ജറ്റ് എന്നിവ പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സാധാരണക്കാരനെ ചൂഷക വർഗത്തിന്റെ നീരാളിപിടുത്തത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് 1844 ൽ ഇംഗ്ലണ്ടിൽ രൂപം കൊണ്ട സഹകരണ പ്രസ്ഥാനം ഇന്ന് ദേശഭേദമന്യേ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സജീവ സാന്നിദ്ധ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ലോകത്തിന് വികസനത്തിന്റെയും ജനകീയതയുടെയും സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും പുതുയുഗം തുറന്നു കൊടുത്ത സഹകരണ മേഖല ഇന്നും ജൈത്രയാത്ര നടത്തി മുന്നേറിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം കുറിക്കുന്നത് 1913ലെ തിരു-കൊച്ചി സഹകരണ നിയമത്തോടെയാണ്. 1914ലെ തിരുവിതാംകൂർ സഹകരണ നിയമവും 1932ലെ മദ്രാസ് സഹകരണ നിയമവും കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി. ഐക്യകേരള പിറവിക്ക് ശേഷം 1969ൽ രൂപം കൊണ്ട കേരള സഹകരണ നിയമവും കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ദ്രുതഗതിയിലാക്കി

കടലുണ്ടി, വള്ളിക്കുന്ന് വില്ലേജുകൾ പ്രവർത്തന പരിധിയായി 23-03-1951ൽ രജിസ്റ്റർ ചെയ്ത്, 06-04-1951ൽ പ്രവർത്തനം ആരംഭിച്ച കടലുണ്ടി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ എഫ് 1500, മലപ്പുറം ജില്ലാ രൂപീകരണത്തോടെ ബേങ്കിന്റെ പ്രവർത്തന പരിധി കോഴിക്കോട് താലൂക്കിലെ കടലുണ്ടി വില്ലേജും തിരൂരങ്ങാടി താലൂക്കിലെ വള്ളിക്കുന്ന് വില്ലേജിലെ ബാലാ തിരുത്തിയും മാത്രം പ്രവർത്തന പരിധിയായി നിശ്ചയിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു.

കടലുണ്ടി, വള്ളിക്കുന്ന് വില്ലേജുകളിലെയും സമീപ പ്രദേശങ്ങളിലെയും സാധാരണക്കാരുടെ ക്ഷേമത്തിനും പ്രദേശത്തിന്റെ വികസനത്തിനുമായി, ഹെഡ് ഓഫീസ് ഉൾപ്പെടെ 4 ശാഖകളും 43196 അംഗങ്ങളുമായി പ്രവർത്തിക്കുന്ന ബേങ്കിന് അംഗങ്ങളുടെ താത്പര്യങ്ങൾക്കനുസൃതമായി സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ബേങ്കിന്റെ ഭരണ നിർവ്വഹണത്തിനുള്ള ബൈലോവിനും വിധേയമായി പ്രവർത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ബേങ്കിന് സഹകരണ നിയമം സെക്ഷൻ 80 പ്രകാരം ഉയർന്ന ഗ്രേഡ് ആയ ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് പദവി ഈ കാലയളവിൽ സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. ഓഡിറ്റ് ക്ലാസി ഫിക്കേഷനിൽ ബേങ്ക് തുടർച്ചയായി 'എ' ഗ്രേഡിലാണ് പ്രവർത്തിക്കുന്നത്.

ഈ കാലയളവിൽ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി നമ്മുടെ ബേങ്കും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബേങ്കിന്റെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന ലാഭത്തിൽ നിന്നും കരുതലായി വെച്ച 1.30 കോടി രൂപ ചെലവഴിച്ച് ബേങ്ക് കടലുണ്ടിയിൽ നീതി മെഡിക്കൽ സെന്ററും ബേങ്കിന്റെ ഹെഡ് ഓഫീസ് നവീകരണ പ്രവൃത്തിയും പൂർത്തീകരിച്ചതായി സന്തോഷപൂർവ്വം അറിയിക്കുന്നു.

കടലുണ്ടി സഹകരണ നീതി മെഡിക്കൽ സെന്ററിൽ ആരംഭിച്ച നീതി ലാബും നീതി മെഡിക്കൽ സ്റ്റോറും പ്രദേശത്തെ ജനങ്ങൾക്കും സഹകാരികൾക്കും വലിയ ആശ്വാസമാകുന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു. ബേങ്കിന്റെ ഇടപാടുകാർക്ക് ഹെൽത്ത് കാർഡിലൂടെ 10 ശതമാനം അധിക ഡിസ്കൗണ്ട് നീതി ലാബിൽ ഇപ്പോൾ നൽകി വരുന്നുണ്ട്. നീതി ലാബിൽ 6 ജീവനക്കാർക്കും നീതി മെഡിക്കൽസിൽ 3 ജീവനക്കാർക്കും ജോലി നൽകാനായിട്ടുണ്ട്. ഒക്ടോബർ മാസം ആദ്യവാരത്തോടെ നീതി ഫിസിയോതെറാപ്പി സെന്ററും പ്രവർത്തനം ആരംഭിക്കും.

ആധുനിക രീതിയിൽ നവീകരിച്ച ബേങ്കിന്റെ ഹെഡ് ഓഫീസിന്റെ ഒന്നാം നിലയിൽ ഒരുക്കിയ ശീതികരിച്ച മിനി കോൺഫറൻസ് ഹാളും ഭക്ഷണ ഹാളും സഹകാരികൾക്കും ബഹുജനങ്ങൾക്കും കുറഞ്ഞ നിരക്കിലുള്ള വാടക നൽകി ഉപയോഗിക്കുന്നതിനായി തുറന്നു നൽകി. സഹകാരികൾ ഈ സൗകര്യം നല്ല നിലയിൽ ഉപയോഗിക്കുന്നുണ്ട്. ഹെഡ് ഓഫീസിനോട് ചേർന്ന് ബേങ്ക് വാങ്ങിയിട്ടുള്ള .99 സെന്റ് സ്ഥലത്ത് വാഹന പാർക്കിങ്ങിന് ഉള്ള സൗകര്യം ഒരുക്കുകയും പാർക്കിങ്ങ് സൗകര്യം ബേങ്കിന് ഇല്ല എന്ന പോരായ്മ ഒരു പരിധി വരെ പരിഹരിക്കാനായിട്ടുണ്ട്.

ആധുനിക ബേങ്കിംങ്ങ് സേവനങ്ങൾ പൂർണ്ണമായ തോതിൽ കാര്യക്ഷമമായ രീതിയിൽ സാധാരണ ജനങ്ങളിൽ പ്രത്യേകിച്ച് യുവതലമുറയിലേക്ക് എത്തിക്കുന്നതിനുമായുള്ള വിവിധ പദ്ധതികൾ ബേങ്ക് ആവിഷ്കരിക്കുന്നുണ്ട്. സാധാരണക്കാരുടെ ബേങ്കായ നമ്മുടെ ബേങ്കിൽ SB അക്കൗണ്ട് ആരംഭിക്കുന്നതിന് മിനിമം ബാലൻസ് പരിധിയോ ചാർജുകളോ ഈടാക്കുന്നില്ല. മാത്രവുമല്ല SMS സർവ്വീസിനും ചാർജ് ഈടാക്കുന്നില്ല. മൊബൈൽ ബേങ്കിംങ്ങും ATM കാർഡ് സൗകര്യവും ഉൾപ്പെടെയുള്ളവ നൽകുന്നതുകൊണ്ട് പുതുതലമുറയെ ബേങ്കിലേക്ക് ആകർഷിക്കുന്നതിന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2024 മാർച്ച് 31 പ്രകാരം 236.10 കോടി രൂപയാണ് ബേങ്കിന്റെ മൊത്തം ബിസിനസ്സ്. ബേങ്കിന്റെ ആകെ നിക്ഷേപം 127.94 കോടി രൂപയും ആകെ വായ്പ 108.16 കോടി രൂപയുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാളും 20.06 കോടി രൂപ മൊത്തം ബിസിനസ്സിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിക്ഷേപത്തിൽ 10.46 കോടി രൂപയുടെയും വായ്പയിൽ 9.62 കോടി രൂപയുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മികച്ച ആസൂത്രണവും കൂട്ടായ പ്രവർത്തനവുമാണ് ഈ സാമ്പത്തിക വർഷത്തെ നേട്ടം സാധ്യമാക്കിയത്. തീവ്ര കുടിശ്ശിക നിവാരണ പ്രവർത്തനത്തിന്റെ ഭാഗമായി 2021-22 ലെ 16 ശതമാനമുണ്ടായിരുന്ന വായ്പ കുടിശ്ശിക 7.28 ശതമാനത്തിലേക്കും ഈ സാമ്പത്തിക വർഷം 7 ശതമാനത്തിലേക്കും എത്തിക്കാനായത് ബിസിനസ്സ് നേട്ടങ്ങൾക്ക് ശക്തമായ അടിത്തറ നൽകി.

ബേങ്കിന് മികച്ച പ്രവർത്തന നേട്ടമാണ് 2023-24 സാമ്പത്തിക വർഷവും നേടാനായിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 25,72,355.34 രൂപ അറ്റലാഭമുണ്ട്. ബേങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന ടൂറിസം പ്രൊജക്ടിലേക്ക് 55 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തെ ലാഭ നഷ്ട കണക്കിൽ കരുതലായി വെച്ചിട്ടുണ്ട്. തുടർച്ചയായ വർഷങ്ങളിൽ പുതിയ പദ്ധതികളിലേക്ക് ലാഭനഷ്ട കണക്കിൽ നിന്നും വലിയ തുക കരുതലായി വെക്കുന്നതിന് സാധിക്കുന്നത് കാര്യക്ഷമമായ ആസൂത്രണവും ദീർഘവീക്ഷണത്തോടെയും കൃത്യതയോടെയുമുള്ള പ്രവർത്തനങ്ങളിലൂടെയും ബേങ്കിന്റെ ബിസിനസും ലാഭവും വർദ്ധിപ്പിക്കാൻ സാധിച്ചതുകൊണ്ടാണെന്ന് അഭിമാനത്തോടെ അറിയിക്കട്ടെ. സഹകരണ മേഖല നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികളെ അതിജീവിച്ച് നമ്മുടെ ബേങ്ക് നേടിയ ഈ വളർച്ച ആശ്വാസകരവും അഭിമാനകരവുമാണ്. ബഹുമാന്യ സഹകാരികളുടെയും ഇടപാടുകാരുടെയും ആത്മാർത്ഥമായ സഹകരണമാണ് ഈ വളർച്ചയ്ക്ക് നിദാനമായിട്ടുള്ളത്. ജനങ്ങളുടെ കൂട്ടായ്മയിൽ രൂപം കൊണ്ട ഈ പ്രസ്ഥാനം നിലനിൽക്കേണ്ടതിന്റെയും വളരേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കിയ നല്ലവരായ ജനങ്ങൾ നമ്മുടെ ബേങ്കിനും അതിന്റെ പ്രവർത്തനങ്ങൾക്കും ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലും എല്ലാ കാലവും സഹകരിച്ചിട്ടുണ്ട് എന്ന വസ്തുത ഈ അവസരത്തിൽ നന്ദിപൂർവ്വം ഓർക്കുന്നു.


**പ്രത്യേക ശ്രദ്ധയ്ക്കുള്ള വിവരങ്ങൾ**

| | | |
|---|---|---|
| 1. | അംഗങ്ങൾ | 43196 |
| 2. | ഓഹരി മൂലധനം | 18458383.00 |
| 3 | നിക്ഷേപങ്ങൾ | 1279379981.99 |
| 4. | വായ്പകൾ | 1081654970.00 |
| 5. | പ്രവർത്തന മൂലധനം | 1436196420.18 |
| 6. | കേരള ബാങ്ക് കടം | 133926883.53 |
| 7. | തന്നാണ്ടത്തെ ലാഭം | 2572355.34 |

## ബാങ്കിന്റെ പ്രവർത്തന പുരോഗതി കാണിക്കുന്ന പട്ടിക


| ക്രമ നമ്പർ | ഇന വിവരം | 31-03-2020 | 31-03-2021 | 31-03-2022 | 31-03-2023 | 31-03-2024 |
|---|---|---|---|---|---|---|
| 1 | മെമ്പർമാർ | 40246 | 40889 | 41490 | 42492 | 43196 |
| 2 | പിരിഞ്ഞുകിട്ടിയ മൂലധനം | 14525138 | 15566733 | 16759768 | 17525228 | 18458383.00 |
| 3 | നിക്ഷേപങ്ങൾ | 790252025 | 981071515 | 1094491688 | 1174792483 | 1279379981.99 |
| 4 | വായ്പകൾ | 700725429 | 788890940 | 873666170 | 985669153 | 1081654970.00 |
| 5 | പ്രവർത്തന മൂലധനം | 843991135 | 1052504989 | 1148139012 | 1275724449 | 1436196420.18 |
| 6 | ലാഭം | 1634006 | 526090 | 848794 | 4210559 | 2572355.34 |

### മെമ്പർമാർ




| ഓഹരി മൂലധനം | തുക |
|---|---|
| 1. വർഷാരംഭത്തിൽ | 17525228 |
| 2. തൻവർഷം പിരിഞ്ഞ് കിട്ടിയത് | 1352930 |
| 3. തൻവർഷം തിരിച്ച് കൊടുത്തത് | 419775 |
| 4. വർഷാവസാനം ബാക്കി | 18458383 |

### ഓഹരി മൂലധനം (തുക ലക്ഷത്തിൽ)




**അംഗങ്ങളുടെ ഓഹരി മൂലധനം**

2023-24 വർഷാരംഭത്തിൽ 42492 മെമ്പർമാരിൽനിന്നും പിരിഞ്ഞുകിട്ടിയ 17525228 രൂപ ഓഹരി മൂലധനം ഉണ്ടായിരുന്നത് തൻവർഷം 704 മെമ്പർമാർ പുതുതായി ചേരുകയും ഓഹരി ഇനത്തിൽ 1352930 രൂപ പിരിഞ്ഞുകിട്ടുകയും 419775 രൂപ തിരികെ കൊടുക്കുകയും ചെയ്തു. വർഷാവസാനം 43196 മെമ്പർമാരും 18458383 രൂപ ഓഹരി മൂലധനവും ഉണ്ട്. റിപ്പോർട്ട് വർഷത്തിൽ 933155 രൂപയുടെ വർദ്ധനവ് ഓഹരി മൂലധനത്തിൽ ഉണ്ടായിട്ടുണ്ട്.

| നിക്ഷേപം | തുക |
|---|---|
| 1. വർഷാരംഭത്തിൽ | 1174792484.52 |
| 2. തൻവർഷം പിരിഞ്ഞ് കിട്ടിയത് | 4195723793.35 |
| 3. തൻവർഷം തിരിച്ച് കൊടുത്തത് | 4091203995.88 |
| 4. വർഷാവസാനം ബാക്കി | 1279379981.99 |

**നിക്ഷേപങ്ങൾ (തുക കോടിയിൽ)**





**നിക്ഷേപങ്ങൾ**

2023-24 വർഷാരംഭത്തിൽ നിക്ഷേപം ഇനത്തിൽ 1174792484.52 രൂപ ബാക്കി നിൽപ്പ് ഉണ്ടായിരുന്നതിൽ 4195723793.35 രൂപ പിരിഞ്ഞ് കിട്ടുകയും 4091203995.88 രൂപ തിരിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ നിക്ഷേപ ഇനത്തിൽ 1279379981.99 രൂപ ബാക്കി നിൽപ്പുണ്ട്. 104587497.47 രൂപയുടെ വർദ്ധനവ് നിക്ഷേപത്തിൽ ഉണ്ടായിട്ടുണ്ട്.

| മെമ്പർമാരിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള കടം | തുക |
|---|---|
| 1. വർഷാരംഭത്തിൽ | 985669153.75 |
| 2. തൻവർഷം വിതരണം ചെയ്തത് | 1483123509.00 |
| 3. തൻവർഷം തിരിച്ച് അടച്ചത് | 1387137692.75 |
| 4. വർഷാവസാനം ബാക്കി | 1081654970.00 |

**വായ്പ (തുക കോടിയിൽ)**




## അംഗങ്ങൾക്ക് നൽകിയ വായ്പ

2023-24 വർഷാരംഭത്തിൽ 985669153.75 രൂപ മെമ്പർമാർക്ക് കൊടുത്ത കടം ബാക്കി നിൽക്കുകയും തൻവർഷം 1483123509.00 രൂപ വിതരണം ചെയ്യുകയും 1387137692.75 രൂപ തിരിച്ചടക്കുകയും ചെയ്തു. വർഷാവസാനം 1081654970.00 രൂപ ബാക്കി നിൽപ്പുണ്ട്. മുൻവർഷത്തേക്കാൾ 95985816.25 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.


## പ്രവർത്തന മൂലധനം

2023-24 വർഷാരംഭത്തിൽ 1275724449.19 രൂപ ഉണ്ടായിരുന്ന ബേങ്കിന്റെ പ്രവർത്തന മൂലധനം 160471970.99 രൂപ വർദ്ധിച്ച് വർഷാവസാനം 1436196420.18 രൂപയാണ്.

### പ്രവർത്തന മൂലധനം (തുക കോടിയിൽ)




### ലാഭം (തുക ലക്ഷത്തിൽ)




| കേരള ബാങ്ക് കടം | | തുക |
|---|---|---|
| 1. | വർഷാരംഭത്തിൽ | 70031753.18 |
| 2. | കേരള ബാങ്കിൽ നിന്നും വാങ്ങിയത് | 243445864.35 |
| 3. | തിരിച്ചടച്ചത് | 179550734.00 |
| 4. | വർഷാവസാനം ബാക്കി | 133926883.53 |

## കേരള ബാങ്ക് കടം

2023-24 വർഷാരംഭത്തിൽ കേരള ബാങ്കിൽ 70031753.18 രൂപ ബാക്കി നിൽപ്പ് ഉണ്ടായിരുന്നത്. തൻവർഷം 243445864.35 രൂപ പിൻവലിക്കുകയും 179550734.00 രൂപ തിരിച്ചടക്കുകയും ചെയ്തു. റിപ്പോർട്ട് വർഷത്തിൽ വായ്പ ബാക്കി നിൽപ്പ് 133926883.53 രൂപയാണ്.

ബേങ്കിന്റെ ഹെഡ് ഓഫീസ് ചാലിയം ബ്രാഞ്ച്, കടലുണ്ടി ഈവനിംഗ് ബ്രാഞ്ച്, പഞ്ചായത്ത് ഓഫീസ് ബ്രാഞ്ച് എന്നിവിടങ്ങളിലെ നിക്ഷേപം വായ്പ പട്ടിക

| ക്രമ നമ്പർ | ബ്രാഞ്ചിന്റെ പേര് | നിക്ഷേപം | വായ്പ |
|---|---|---|---|
| 1 | ഹെഡ് ഓഫീസ് | 593761385.00 | 480568855.00 |
| 2 | ചാലിയം | 306804749.50 | 384491559.00 |
| 3 | കടലുണ്ടി ഈവനിംഗ് | 240834205.84 | 106774526.00 |
| 4 | പഞ്ചായത്ത് ഓഫീസ് | 137979641.65 | 109820030.00 |
| | **ആകെ** | **1279379981.99** | **1081654970.00** |

## അവധി ബാക്കി വായ്പകൾ

2023-24 വർഷാവസാനം മുതലിനത്തിൽ 1081654375.00 രൂപ ബാക്കി നിൽപ്പുള്ളതിൽ 84347421.00 രൂപ അവധി ബാക്കിയാണ്. ഇത് ഡിമാന്റിന്റെ 7 ശതമാനമാണ്. കഴിഞ്ഞ വർഷം ഡിമാന്റിന്റെ 7.28 ശതമാനമായിരുന്ന കുടിശ്ശിക .28 ശതമാനം കുറക്കുന്നതിനായിട്ടുണ്ട്. കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബേങ്കിന്റെ വായ്പ കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾക്ക് സഹകരണ ഡിപ്പാർട്ട്മെന്റിൽ നിന്നും ഒരു സെയിൽ ഓഫീസറുടെ സേവനം അനുവദിച്ചിട്ടുണ്ട്. ബേങ്കിൽ ലോൺ റിക്കവറി സെൽ രൂപീകരിച്ചുകൊണ്ട് കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

## ബേങ്ക് ഹെഡ് ഓഫീസ് നവീകരണം

റിപ്പോർട്ട് വർഷം ബേങ്കിന്റെ ഹെഡ് ഓഫീസ് നവീകരണ പ്രവൃത്തി പൂർത്തീകരിക്കുകയും 2024 ഫെബ്രുവരി 25ന് ബഹു: പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം നിർവ്വഹിച്ചു. ശീതികരിച്ച കോൺഫറൻസ് ഹാളിന്റെ ഉദ്ഘാടനം ബഹു: കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ശൈലജ ടീച്ചറും നോൺ എ.സി. ഹാളിന്റെ ഉദ്ഘാടനം ബഹു: കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി അനുഷ വി.യും നിർവ്വഹിച്ചു.

ഒരു ദിവസത്തിന് 120 പേർക്ക് ഇരിക്കാവുന്ന എ.സി. ഹാളിന് 5900 രൂപയും നോൺ എ.സി. ഹാളിന് 1000 രൂപയുമാണ് വാടക ഈടാക്കുന്നത്. വളരെ കുറഞ്ഞ നിരക്കായതിനാൽ സഹകാരികളും ബഹുജനങ്ങളും ഈ സൗകര്യം നല്ല നിലയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

നവീകരണ പ്രവൃത്തിയുടെ ഭാഗമായി വൈദ്യുതി ചെലവ് കുറയ്ക്കുന്നതിന് 20kw സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അതുകൊണ്ട് വൈദ്യുതി ബിൽതുക ഗണ്യമായി കുറയ്ക്കാനായിട്ടുണ്ട്.

## നീതി മെഡിക്കൽ സെന്റർ

വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായ ബേങ്കിന്റെ ആദ്യ സംരംഭമായ നീതി മെഡിക്കൽ സെന്ററിന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി 25ന് ബഹു: പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു,

നമ്മുടെ നീതി ലാബിലൂടെ ചെയ്യുന്ന ലബോറട്ടറി പരിശോധനകൾക്ക് 60 ശതമാനം വരെ കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. ആധുനിക രീതിയിലുള്ള ഫുൾ ആട്ടോമാറ്റിക് മെഷീനുകളാണ് പരിശോധനകൾക്ക് ഉപയോഗിക്കുന്നത്. വള്ളിക്കുന്ന് പഞ്ചായത്തിൽ നിന്നടക്കമുള്ളവർ നമ്മുടെ ലാബിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

നീതി മെഡിക്കൽ സ്റ്റോറിൽ മരുന്നുകൾക്ക് 10 ശതമാനം മുതൽ 60 ശതമാനം വരെ ഡിസ്ക്കൗണ്ട് നൽകി വരുന്നു. പൊതു വിപണിയിലെ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് നമ്മുടെ മെഡിക്കൽ സ്റ്റോറിന്റെ ആരംഭം കാരണമായിട്ടുണ്ടെന്നത് പ്രദേശത്തുകാർക്കും സഹകാരികൾക്കും ആശ്വാസം നൽകുന്നതാണ്. ആരംഭത്തിൽതന്നെ നാം പ്രതീക്ഷിക്കുന്ന വില്പന നീതി മെഡിക്കൽ സ്റ്റോറിൽ ഉണ്ടായിട്ടുള്ളത് മാന്യ സഹകാരികളുടെയും ഇടപാടുകാരുടെയും സഹായം കൊണ്ടു മാത്രമാണ്. തുടർന്നും സഹകാരികളുടെയും ഇടപാടുകാരുടെയും സഹായവും ഇടപെടലും ഈ രണ്ട് സംരംഭങ്ങൾക്കും ഉണ്ടാവേണ്ടത് ഈ സംരംഭങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

കുറഞ്ഞ നിരക്കിൽ ഫിസിയോ തെറാപ്പി ചെയ്യുന്നതിനുള്ള നീതി ഫിസിയോ തെറാപ്പി സെന്റർ 2024 ഒക്ടോബർ ആദ്യവാരത്തിൽ ആരംഭിക്കും.

## ഹെൽത്ത് കാർഡ്

ബേങ്കിന്റെ മാന്യ സഹകാരികൾക്കും ഇടപാടുകാർക്കും നീതി ലാബിലും ഫിസിയോ തെറാപ്പി സെന്ററിലും 10 ശതമാനം അധിക ഡിസ്കൗണ്ട് നൽകുന്നതിനുള്ള ഹെൽത്ത് കാർഡുകൾ നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1000 കാർഡുകളുടെ വിതരണം നടത്തിയിട്ടുണ്ട്.

## അനുമോദന സദസ്

ബേങ്കിലെ എ ക്ലാസ് ഡി ക്ലാസ് മെമ്പർമാരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ് ടൂ പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലാസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു. ചടങ്ങിൽ ബഹു: പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസ് വിദ്യാർത്ഥികൾക്ക് ഉപഹാരം നൽകി.

## തണ്ണീർ പന്തൽ

സഹകരണ വകുപ്പിന്റെ നിർദേശപ്രകാരം മാർച്ച് എപ്രിൽ മാസത്തിൽ കടലുണ്ടിയിൽ തണ്ണീർ പന്തലൊരുക്കി ജനങ്ങൾക്ക് വേനൽചൂടിൽ നിന്നും ആശ്വാസമേകി.

## ജൈവകൃഷി

കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബേങ്ക് നേരിട്ട് കുന്നത്ത്പടിയിൽ 25 സെന്റ് സ്ഥലത്ത് കപ്പ കൃഷി നടത്തി. വിളവെടുപ്പ് ഉദ്ഘാടനം കടലുണ്ടി കൃഷി ഓഫീസർ ശ്രീമതി ഫെബിത നിർവ്വഹിക്കുകയും ചെയ്തു.

## ഉത്സവചന്ത

പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിനുമായി കൺസ്യൂമർഫെഡുമായി സഹകരിച്ച് നടത്തുന്ന ഓണ ചന്ത സഹകാരികൾ നല്ല നിലയിൽ ഉപയോഗപ്പെടുത്താറുണ്ട്.

## ഭരണസമിതി അംഗങ്ങൾ

31-07-2022ന് ബാങ്ക് തെരഞ്ഞെടുപ്പിലൂടെ വിജയം കൈവരിച്ച് 01-08-2022ന് അധികാരമേറ്റെടുത്ത 11 അംഗ ഭരണസമിതിയാണ് ഇപ്പോൾ ഭരണ നിർവ്വഹണം നടത്തിവരുന്നത്. ഭരണസമിതി ഭാരവാഹികളും അംഗങ്ങളും താഴെ പറയുന്നവരാണ്.

| | |
|---|---|
| ശ്രീ. കബീർ കെ.ടി. | പ്രസിഡണ്ട് |
| ശ്രീമതി നിഷ എം. | വൈസ് പ്രസിഡണ്ട് |
| ശ്രീ. കുന്നത്ത് വേണുഗോപാൽ | ഡയറക്ടർ |
| ശ്രീ. അസൈനാർ എ. (അസി) | ,, |
| ശ്രീ. പരമശിവൻ കെ. | ,, |
| ശ്രീ. ഹുസൈൻകോയ എ | ,, |
| ശ്രീ. ബാബുരാജൻ നടുക്കണ്ടി | ,, |
| ശ്രീ. മുഹമ്മദ് റാസിക് പി. | ,, |
| ശ്രീ. മുഹമ്മദ്കോയ പി.കെ. | ,, |
| ശ്രീമതി ബിന്ദു കെ.ആർ | ,, |
| ശ്രീമതി സ്റ്റെല്ല ഷാജി സി. | ,, |

## ജീവനക്കാർ

| | |
|---|---|
| ശ്രീ. സനു ടി | സെക്രട്ടറി |
| ശ്രീ. രാധാഗോപി ടി. | അസി. സെക്രട്ടറി |
| ശ്രീമതി ലതാമണി എം. | ഇന്റേണൽ ഓഡിറ്റർ |
| ശ്രീമതി രജിത കെ. | ബ്രാഞ്ച് മാനേജർ |
| ശ്രീമതി കവിത എം. | എക്കൗണ്ടന്റ് |
| ശ്രീമതി രാഗിഷ ഒ. | ,, |
| ശ്രീ. സനൂജ് വി.പി. | സീനിയർ ക്ലാർക്ക് |
| ശ്രീമതി മനീഷ കെ. | ,, |
| ശ്രീ. ജയകൃഷ്ണൻ സി.ടി. | ,, |
| ശ്രീമതി ബിജുല പി. | ,, |
| ശ്രീ. സൈനുൽ അനസ് കെ. | ,, |
| ശ്രീ. വിജിത്ത് കെ. | ,, |
| ശ്രീ. അഖിൽ എൻ | ജൂനിയർ ക്ലാർക്ക് |
| ശ്രീ. ജിൻസിൽ എം. | ,, |
| ശ്രീമതി ഷിംജ എ.സി. | ,, |
| ശ്രീ. സജിത്ത് സി. | അറ്റന്റർ |
| ശ്രീമതി അനാമിക ടി. | ,, |
| ശ്രീ. അഖിൽ എം. | പ്യൂൺ |
| ശ്രീമതി സുലോചന എം. | പാർട്ട് ടൈം സ്വീപ്പർ |
| ശ്രീമതി സുമതി പി. | |
| ശ്രീമതി ഗിരിജ കെ. | |

**ഡെയ്‌ലി ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർ**

ശ്രീ. ബഷീർ കെ.എം.

ശ്രീമതി ബിന്ദു ആർ

ശ്രീമതി രേഷ്മ സി.കെ.

ശ്രീമതി ജ്യോതിലക്ഷ്മി കെ.

ശ്രീമതി ലിജുന കെ.പി.

ശ്രീ. ജിത്തു കക്കാട്ട്

ശ്രീ. അക്ഷയ് എം.

ഇവരെ കൂടാതെ ദിവസവേതനത്തിന് 5 ക്ലാർക്കുമാരും 4 വാച്ച്മേൻമാരും 2 സ്വീപ്പർമാരും 1 ഡ്രൈവറും ജോലി ചെയ്ത് വരുന്നു.

**നീതി മെഡിക്കൽ സെന്റർ ജീവനക്കാർ**

ബാങ്കിന് കീഴിലുള്ള കടലുണ്ടി സഹകരണ നീതി മെഡിക്കൽ സെന്ററിൽ ഫാർമസിസ്റ്റായി ശ്രീമതി ഷിജി ടി., അജ്‌ലബ്, ജിജി എന്നിവരും നീതി ലാബിൽ ലാബ് ടെക്നീഷ്യൻമാരായി ശ്രീമതി സദീത എൻ.വി, ഉണ്ണിമായ, ഹരിത, ഷംന എന്നിവരും ജോലി ചെയ്തു വരുന്നു.

**<u>സപ്ലിമെന്ററി ബഡ്ജറ്റ് 2023-24</u>**

| ഇനം | വകയിരുത്തിയത് | ചിലവായത് | അധിക ചിലവ് | കാരണം |
|---|---|---|---|---|
| ശമ്പളവും അലവൻസുകളും | 12100000.00 | 12303715.00 | 203715.00 | ബേങ്ക് ക്ലാസിഫിക്കേഷൻ സ്പെഷ്യൽ ഗ്രേഡ് ആയി ഉയർന്നതിനാൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പുനർ നിർണ്ണയിച്ചതു കൊണ്ട് |
| സ്റ്റാഫ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത് | | 50000.00 | 50000.00 | മറ്റൊരു ബാങ്കിൽ ജോലി ലഭിച്ചതിനാൽ ജീവനക്കാരിക്ക് തിരികെ നൽകി. |

## 2025–2026 വർഷത്തേക്കുള്ള ബഡ്ജറ്റ്

| ക്രമ നമ്പർ | ചിലവ് | സംഖ്യ | വരവ് | സംഖ്യ |
|---|---|---|---|---|
| 1 | ഓഹരി മൂലധനം | 110000000 | കടങ്ങളിൽ നിന്ന് പലിശ | 135000000 |
| 2 | കേരള ബാങ്കിൽ പലിശ | 8000000 | നിക്ഷേപങ്ങളിൽ നിന്ന് പലിശ | 30000000 |
| 3 | ശമ്പളവും അലവൻസുകളും | 13000000 | പ്രവേശന ഫീസ് | 100000 |
| 4 | ബോണസ് | 600000 | കമ്മീഷൻ | 500000 |
| 5 | മെഡിക്കൽ അലവൻസ് | 250000 | ഓഡിറ്റോറിയം വാടക | 250000 |
| 6 | അച്ചടിയും സ്റ്റേഷനറിയും | 500000 | പലവക മുതൽ മുടക്ക് ആദായം | 500000 |
| 7 | തപാൽ | 75000 | നീതി മെഡിക്കൽസ് | 6000000 |
| 8 | പരസ്യം | 900000 | നീതി ലാബ് | 4000000 |
| 9 | സീറ്റിംഗ് ഫീസ് | 200000 | നീതി ഫിസിയോതെറാപ്പി സെന്റർ | 550000 |
| 10 | പ്രസിഡണ്ടിന്റെ ഓണറേറിയം | 90000 | | |
| 11. | യാത്ര ചെലവ് | 250000 | | |
| 12 | പലവക | 1300000 | | |
| 13 | പഠന ഗവേഷണ യാത്രകൾ | 100000 | | |
| 14 | നികുതികൾ | 60000 | | |
| 15 | ഗ്രാറ്റുവിറ്റി ഇൻഷൂറൻസ് | 1000000 | | |
| 16 | ഇൻഷൂറൻസ് പ്രീമിയം | 250000 | | |
| 17 | ടെലഫോൺ ചാർജ്ജ് | 200000 | | |
| 18 | വാടക | 1000000 | | |
| 19 | സെയിൽ ഓഫീസർ കോസ്റ്റ് | 400000 | | |
| 20 | ഓഡിറ്റ് കോസ്റ്റ് | 1000000 | | |
| 21 | ഡെ. ഡെപ്പോസിറ്റ് കമ്മീഷൻ | 3000000 | | |
| 22 | ഫർണ്ണീച്ചർ | 500000 | | |
| 23 | ജനറൽബോഡി | 300000 | | |
| 24 | കമ്പ്യൂട്ടർ മെയിന്റനൻസ് | 500000 | | |
| 25 | ജനറേറ്റർ | 600000 | | |
| 26 | ചാലിയം ബ്രാഞ്ചിന് സ്ഥലം വാങ്ങുന്നതിനുള്ള ചെലവ് | 10000000 | | |
| 27 | ടൂറിസം പദ്ധതികൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള ചെലവ് | 7500000 | | |
| 28 | നീതി മെഡിക്കൽസ് | 5900000 | | |
| 29 | നീതി ലാബ് | 3600000 | | |
| 30 | നീതി ഫിസിയോതെറാപ്പി സെന്റർ | 500000 | | |
| 31 | ലാഭം | 5325000 | | |
| | **ആകെ** | **176900000** | | **176900000** |

**ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള ബേങ്കിന്റെ അറ്റലാഭം 2572355.34 രൂപ താഴെ ചേർത്തവിധം വിഭജിക്കാവുന്നതാണ്.**

**PROFIT DISTRIBUTION 2023-24**

| Sl No. | Description | % | Amount |
|---|---|---|---|
| 1 | RESERVE FUND | 15 | 385853 |
| 2 | EDUCATION FUND | 5 | 60000 |
| 3 | AGRL. CREDIT STABILISATION FUND | 7 | 180065 |
| 4 | PROFESSIONAL EDUCATION FUND | 5 | 128618 |
| 5 | MEMBER RELIEF FUND | 10 | 100000 |
| 6 | DIVIDENT A CLASS | 10 | 1287844 |
| 7 | DIVIDENT B CLASS | 10 | 6000 |
| 8 | RESERVE FOR BAD DEBIT | 3 | 51535 |
| 9 | THCHNOLOGY MODERNISTATION FUND | 4 | 68713 |
| 10 | BUILDING FUND | 5 | 85891 |
| 11 | COMMON GOOD FUND | 4 | 68713 |
| 12 | EDUCATION HELP FUND | 2 | 34356 |
| 13 | EDUCATION DEVELOPMENT FUND | 4 | 68713 |
| 14 | MEMBERS DEATH FUND | 2 | 34356 |
| 15 | BALANCE TO BUILDING FUND | | 11698.34 |
| | **TOTAL** | | **2572355.34** |

## ഉപസംഹാരം

ബേങ്കിന്റെ ബഹുമാന്യ അംഗങ്ങളും ഇടപാടുകാരും അർപ്പിച്ച വിശ്വാസവും അവർ നൽകുന്ന പിന്തുണയുമാണ് ബാങ്കിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും അടിസ്ഥാനം. മറ്റ് വാണിജ്യ ബാങ്കുകൾ നൽകുന്ന ആധുനിക ഡിജിറ്റൽ സേവനങ്ങൾ ഉൾപ്പെടെയുള്ള മിക്കവാറും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്ക് അമിത ചാർജുകൾ ഈടാക്കാതെ നൽകാൻ കഴിയുന്ന തരത്തിലേക്ക് ബാങ്കിനെ വളർത്തിയ എല്ലാ അഭ്യുദയകാംക്ഷികളും ബാങ്കിന് വേണ്ടി മികച്ച സേവനം ചെയ്യുന്ന ജീവനക്കാരും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. നമ്മുടെ ബേങ്കിന്റെ സാമ്പത്തിക അടിത്തറ ശക്തവും ഭദ്രവുമാണെന്നാണ് ബേങ്കിന്റെ സാമ്പത്തിക രേഖകളും കണക്കുകളും കാണിക്കുന്നത്. സഹകരണ മേഖലയുടെ അഭിമാനം ഉയർത്തികൊണ്ട് പ്രവർത്തിക്കുന്ന നമ്മുടെ ബേങ്കിനെ കൂടുതൽ വളർച്ചയിലേക്ക് എത്തിക്കുന്നതിന് റിപ്പോർട്ട് വർഷത്തിൽ സഹായിച്ച സഹകരണവകുപ്പ് ഉദ്യോഗസ്ഥർക്കും കേരളബാങ്ക് അധികൃതർക്കും മാന്യ മെമ്പർമാർക്കും ബേങ്കുമായി സഹകരിച്ച മുഴുവൻ ഇടപാടുകാർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും ബേങ്കിന്റെ വളർച്ചയ്ക്ക് എല്ലാവിധ സഹകരണങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഭരണസമിതിക്ക് വേണ്ടി

സിക്രട്ടറി (ഒപ്പ്)

കടലുണ്ടി

13.09.2024

## 2023-24-ാം മാണ്ടത്തെ വരവ് ചെലവ് കണക്ക്
## (എ) വരവ്

| ക്രമ നമ്പർ | ഇന വിവരം | രൂപ |
|---|---|---|
| 1 | ഓഹരി മൂലധനം | 1352930.00 |
| 2 | നിക്ഷേപങ്ങൾ | 4195603793.35 |
| 3 | വായ്പകൾ | 243445864.35 |
| 4 | അംഗങ്ങൾ തിരികെ ഒടുക്കിയ വായ്പകൾ | 1387137692.75 |
| 5 | ടി-വായ്പകൾക്ക് ഈടാക്കിയ പലിശ | 100722790.00 |
| 6 | പലവക വരവുകൾ | 26933131.60 |
| 7 | സ്റ്റാഫ് പ്രോവിഡന്റ് നിക്ഷേപം | 1690768.00 |
| 8 | സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം | 175000.00 |
| 9 | സ്റ്റാഫ് പ്രോവിഡന്റ് നിക്ഷേപം പിൻവലിച്ചത് | 9373864.00 |
| 10. | സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം പിൻവലിച്ചത് | 476634.40 |
| 11. | റിസർവ് ഫണ്ട് | 631584.00 |
| 12. | വിദ്യാഭ്യാസ ഫണ്ട് | 60000.00 |
| 13 | അഗ്രിക്കൾച്ചർ ക്രെഡിറ്റ് സ്റ്റബിലൈസേഷൻ ഫണ്ട് | 294739.00 |
| 14 | പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് | 210528.00 |
| 15 | അംഗങ്ങളുടെ റിലീഫ് ഫണ്ട് | 100000.00 |
| 16 | സ്ഥാവര വസ്തുക്കൾ വിറ്റ വകയിൽ | 87600.00 |
| 17 | ക്യാപ്പിറ്റൽ റിസർവ് | 8000.00 |
| 18 | ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ചത് | 689803350.87 |
| 19 | അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ | 646356865.52 |
| 20 | അഡ്വാൻസുകൾ സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 1188795720.45 |
| 21 | വ്യാപാര വരവ് | 109335.00 |
| 22 | ഉടമസ്ഥൻ എന്ന നിലയിൽ ചരക്കുകൾ വിറ്റ വകയിൽ | 661248.00 |
| 23 | അംഗങ്ങൾക്കുള്ള ലാഭവിഹിതം | 1223072.00 |
| 24 | സർക്കാരിലേക്കുള്ള ലാഭവിഹിതം | 7000.00 |
| 25. | കെട്ടിട ഫണ്ട് | 226783.66 |
| 26 | പൊതുനന്മാഫണ്ട് | 291371.00 |
| 27 | ലാഭ സമീകരണ ഫണ്ട് | 87411.00 |
| 28 | Bad and Doubtful debts reserves | 87411.00 |
| 29 | Technology Modernisation Fund | 116548.00 |
| 30 | Educational Help Fund for Dirctors & Staff | 291371.00 |
| 31 | Debit relief Fund | 87411.00 |
| 32 | Charitable Fund | 291371.00 |
| 33 | Educational Help Fund Members | 58274.00 |
| 34 | Members Pension Fund | 58274.00 |
| 35 | Members Death Fund | 87411.00 |
| | | |
| | | |
| | | |
| | **ആകെ** | **8496945147.95** |
| | **മുന്നിരിപ്പ്** | **12340498.00** |
| | **ആകെ മൊത്തം** | **8509285645.95** |

## (ബി) ചെലവുകൾ

| ക്രമ നമ്പർ | ഇന വിവരം | രൂപ |
|---|---|---|
| 1 | ഓഹരി മൂലധനം | 419775.00 |
| 2 | നിക്ഷേപങ്ങൾ | 4091016295.88 |
| 3 | വായ്പകൾ | 179550734.00 |
| 4 | അംഗങ്ങൾക്ക് കൊടുത്ത വായ്പകൾ | 1483123509.00 |
| 5 | കൊടുത്ത പലിശ | 89726254.35 |
| 6 | എസ്റ്റാബ്ളിഷ്മെന്റ് ചെലവും കണ്ടിജൻസി ചെലവും | 22373812.25 |
| 7 | വായ്പകൾക്ക് നൽകിയ പലിശയിളവ് | 3162103.00 |
| 8 | സ്റ്റാഫ് പ്രോവിഡന്റ് ഫണ്ടിലെ നിക്ഷേപം (തിരികെ കൊടുത്തത്) | 1583264.00 |
| 9 | സ്റ്റാഫ് സെക്യൂരിറ്റിയിലെ നിക്ഷേപം (തിരികെ കൊടുത്തത്) | 50000.00 |
| 10 | സ്റ്റാഫ് പ്രോവിഡന്റ് ഫണ്ടിലെ നിക്ഷേപം | 10000000.00 |
| 11 | സ്റ്റാഫ് സെക്യൂരിറ്റിയിലെ നിക്ഷേപം | 732243.00 |
| 12 | വിദ്യാഭ്യാസ ഫണ്ട് അടവാക്കിയത് | 60000.00 |
| 13 | സ്ഥലം, കെട്ടിടം, അകസാമാനങ്ങൾ എന്നിവ വാങ്ങിയത് | 14577222.00 |
| 14 | തേയ്മാന ഫണ്ട് | 87600.00 |
| 15 | ബാങ്കുകളിൽ നിക്ഷേപിച്ചത് | 760468776.30 |
| 16 | സ്പെഷ്യൽ ബി.ഡി.ആർ | 39292.00 |
| 17 | അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ | 786393392.96 |
| 18 | അഡ്വാൻസുകൾ സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 1046324785.47 |
| 19 | വിൽപനക്കുള്ള ചരക്ക് വാങ്ങിയ വകയിൽ | 1100112.08 |
| 20 | വ്യാപാര ചെലവ് | 750003.00 |
| 21 | അറ്റ ലാഭം വിഭജിച്ചത് | 4210559.66 |
| 22 | അംഗങ്ങൾക്ക് ലാഭ വിഹിതം കൊടുത്തത് | 420803.00 |
| 23 | പൊതുനന്മാഫണ്ട് | 50752.00 |
| 24 | സർക്കാരിലേക്ക് ലാഭ വിഹിതം കൊടുത്തത് (അഡ്ജസ്റ്റ്മെന്റ്) | 1912.00 |
| 25 | Educational Help Fund for Directors & Staff | 52845.00 |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | **ആകെ** | **8496276045.95** |
| | **മുന്നിരിപ്പ്** | **13009600.00** |
| | **ആകെ മൊത്തം** | **8509285645.95** |

## 2023–24 മാണ്ടത്തെ വ്യാപാര ലാഭ നഷ്ടക്കണക്ക്
## (എ) വ്യാപാരക്കണക്ക്

| ക്രമ നമ്പർ | ഇന വിവരം | | രൂപ | ക്രമ നമ്പർ | ഇന വിവരം | | രൂപ |
|---|---|---|---|---|---|---|---|
| 1 | മുന്നിരിപ്പ് ചരക്ക് | | 9402.00 | 1 | വിറ്റ ചരക്ക് | 661248.00 | - |
| 2 | വാങ്ങിയ ചരക്ക് | 1100112.08 | - | 2 | മടക്കി വാങ്ങിയവ | - | 661248.00 |
| 3 | മടക്കി കൊടുത്തവ | - | 1100112.08 | 3 | Trade Income | - | 109335.00 |
| 4 | | | | 4 | നീക്കിയിരിപ്പ് ചരക്ക് | | 430570.76 |
| 5 | ചെലവുകൾ | | 750003.00 | 5 | കുറവുള്ള ചരക്ക് | | - |
| | | - | | 6 | Damage Stock | | - |
| | | | | 7 | Dead Stock | | - |
| | | | | | | | |
| | **ആകെ** | | **1859517.08** | | **ആകെ** | | **1201153.76** |
| | **മൊത്തം ലാഭം (ലാഭനഷ്ടക്കണക്കിൽ കൊള്ളിക്കാനുള്ളത്** | | **-** | | **മൊത്തം നഷ്ടം (ലാഭനഷ്ടക്കണക്കിൽ കൊള്ളിക്കാനുള്ളത്** | | **658363.32** |
| | **ആകെ മൊത്തം** | **1859517.08** | | | **ആകെ മൊത്തം** | | **1859517.08** |

## 2023 2024 വർഷത്തെ മാർച്ച് 31–ാം തിയ്യതിയിലെ ബാക്കി പത്രം

| ബാദ്ധ്യത | രൂപ | ആസ്തി | രൂപ |
|---|---|---|---|
| പിരിഞ്ഞുകിട്ടിയ മൂലധനം | 18458383.00 | റൊക്കം കയ്യിരുപ്പ് തുക കൈവശം | 13009600.00 |
| | | ബാങ്കിൽ | 393190256.27 |
| നിക്ഷേപങ്ങൾ | 12730379981.99 | മറ്റു സ്ഥാപനങ്ങളിലെ ഓഹരി നിക്ഷേപം | 8795894.00 |
| കേരള ബാങ്കിൽ നിന്നുള്ള വായ്പകൾ | 133926883.53 | കരുതൽ ധനം | 7365816.05 |
| കരുതൽ ധനം | 8323049.12 | മറ്റു മുതൽ മുടക്കുകൾ | 11080924.19 |
| ഫണ്ടുകൾ വകയിരുത്തലുകൾ (ലാഭവിഭജനവഴി സ്വരൂപിച്ചവ) | 18844372.50 | അംഗങ്ങൾക്ക് കൊടുത്ത വായ്പകൾ | 1081654970.00 |
| | | കിട്ടാനുള്ള പലിശ കുടിശ്ശിക ആകാത്തത് | 63098477.00 |
| ഫണ്ടുകൾ, കരുതലുകൾ, വകയിരുത്തലുകൾ(ലാഭനഷ്ടക്കണക്കിൽ തട്ടികിഴച്ചുണ്ടാക്കിയവ) | 785382295.34 | പലവക വരവുകൾ | 8968270.00 |
| | | ജംഗമ ഫർണ്ണിച്ചർ, കമ്പ്യൂട്ടർ, യന്ത്രസാമഗ്രികൾ | 21588160.08 |
| കൊടുക്കാനുള്ള പലിശ | 24724413.95 | സ്ഥാവരം | 408428.85 |
| ഗ്രാറ്റ് സബ്സിഡി ഗവ: ൽ നിന്നും | 30755.00 | വിൽപ്പനക്കുള്ള നീക്കിയിരുപ്പ് ചരക്കുകൾ | 476723.03 |
| മറ്റു ബാദ്ധ്യതകൾ | 59966047.93 | അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ | 820934596.54 |
| ബ്രാഞ്ച് അക്കൗണ്ട് | 178.77 | | |
| അഡ്വാൻസുകൾ സംഘത്തിൽനിന്നും കൊടുക്കേണ്ടവ | 805292166.28 | | |
| മുന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം | 515233.26 | | |
| ലാഭനഷ്ടക്കണക്കുപ്രകാരമുള്ള അറ്റലാഭം | 2572355.34 | | |
| **ആകെ** | **2430572116.01** | **ആകെ** | **2430572116.00** |

# (ബി) ലാഭ നഷ്ടക്കണക്ക്

| ക്രമ നമ്പർ | നഷ്ടം | രൂപ | ക്രമ നമ്പർ | ലാഭം | രൂപ |
|---|---|---|---|---|---|
| 1 | വ്യാപാരക്കണക്കുപ്രകാരം മൊത്തം നഷ്ടം | 658363.32 | 1 | കിട്ടാനുള്ള പലിശ | 62378514.00 |
| 2 | കൊടുക്കാനുള്ള പലിശ | 92970570.62 | 2 | പലവക (നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ) | 25251796.60 |
| 3 | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് | 12303715.00 | 3 | പലവക | 3341483.00 |
| 4 | കണ്ടിജൻസി ചെലവ് | 10068097.25 | 4 | മൂന്നാണ്ടത്തെ കുടിശ്ശക പലിശക്കുള്ള കരുതൽ | 47607076.00 |
| 5 | തേയ്മാന ഫണ്ട് | 3391056.79 | 5 | Reserve for GDS overdue | 841500.00 |
| 6 | Reserve for Adjusting Hoeads Due to | 260994.00 | 6 | Reserve for furniture list difference | 62667.07 |
| 7 | കിട്ടാക്കടങ്ങൾക്കും സംശയാസ്പദ കടങ്ങൾക്കും ആസ്തികൾക്കുമുള്ള കരുതൽ | 8731554.00 | 7 | Reserve for building renovation Fund | 896500.00 |
| 8 | ജീവനക്കാരുടെ ആർജ്ജിതാവധിക്കുള്ള കരുതൽ | 480217.00 | 8 | Reservefor GDS list difference | 5000.00 |
| 9 | Reserve for S/A list difference | 499982.00 | 9 | Provision for deposit guarentee scheme | 1012073.00 |
| 10 | Recoupment of Vehicle 2021-22 Maruthi Ertiga 3/5 | 198476.00 | 10 | Provision for head office renonovation | 8779200.00 |
| 11 | Reserve for branch A/c. diff | 7129.55 | 11 | Provision forNeethi lab medical physio therapy | 377600.00 |
| 12 | Recoupment for Head office renovation | 8779200.00 | 12 | Reserve for difference in SB ICICI Ramanattukara | 400000.00 |
| 13 | Recoupment for Neethi Lab, Medical, Physio therap centre 1888000 *1/5 | 377600.00 | 13 | Reserve for deposit list difference | 1250.00 |
| 14 | Recoupment for Land purhcase 281000*1/3 | 93667.00 | 14 | Reserve for difference in PF loan | 35450.00 |
| 15 | Provision for Tourism project | 5500000.00 | | | |
| 16 | Reserve for staff overdraft list difference | 38528.80 | | | |
| 17 | Recoupment for Chaliyam branch renovation full | 896500.00 | | | |
| 18 | Interest rebate | 3162103.00 | | | |
| | | | | | |
| | **ആകെ** | **148417754.33** | | **ആകെ** | **150990109.67** |
| | **തന്നാണ്ടത്തെ ലാഭം** | **2572355.34** | | **തന്നാണ്ടത്തെ നഷ്ടം** | **–** |
| | **ആകെ മൊത്തം** | **150990109.67** | | **ആകെ മൊത്തം** | **150990109.67** |
| | **തന്നാണ്ടത്തെ നഷ്ടം** | **–** | | **തന്നാണ്ടത്തെ ലാഭം** | **2572355.34** |
| | **മൂന്നാണ്ടത്തെ ലാഭനഷ്ടക്കണക്കുപ്രകാരമുള്ള അറ്റനഷ്ടം** | **–** | | | |
| | **അറ്റ ലാഭം** | **2572355.34** | | **അറ്റ നഷ്ടം** | **–** |
| | **ആകെ** | **2572355.34** | | **ആകെ** | **2572355.34** |